അടുത്തിടെ നടന്ന എറണാകുളം ചാപ്റ്റർ മീറ്റിൽ പുതിയ പുതിയ പ്രതിഭകളുടെ അരങ്ങേറ്റം കണ്ട് മനസ്സ് നിറഞ്ഞു കവിയുമ്പോഴാണ് എറണാകുളം ചാപ്റ്ററിന്റെ ആദ്യ മീറ്റിന്റെ അനുരണനങ്ങൾ മനസ്സിലേക്ക് ഓടിയെത്തിയത്. അന്ന് ചിത്രയുടെ ഒപ്പമുള്ള ഒരു നൃത്ത പരിപാടിയിൽ കണ്ട് മനസ്സിൽ കുറിച്ചുവെച്ച കലാകാരൻ ഓർമ്മയിൽ നിന്ന് എങ്ങനെയാണ് വിട്ടുപോയത് എന്ന് അല്പം ആശങ്കയോടെ ഓർത്തു. ആദ്യ നൃത്തച്ചുവട് കൊണ്ട് തന്നെ പേക്ഷകമനസ്സുകൾ കീഴടക്കിയ ആ കലാകാരനിലൂടെയാവട്ടെ എറണാകുളം മീറ്റിന് ശേഷമുള്ള ഈ ആദ്യ ദളം.

അനുരഞ്ജ് എം ആർ,
കാനറാ ബാങ്ക്
മുക്കോലക്കൽ ശാഖ
തിരുവനന്തപുരം.

കോഴിക്കോട് കുറ്റ്യാടി സ്വദേശിയായ ശ്രീ രാജൻ എഫ് എ സി ടി യിൽ ജോലി കിട്ടിയതോടെയാണ്തൃപ്പൂണിത്തുറയിൽ സ്ഥിരതാമസമാക്കി യത്. ഭാര്യ മീരാഭായിക്കും ഫാക്റ്റിൽ തന്നെയായിരുന്നു ജോലി. രണ്ടാൺമക്കളായിരുന്നു ഇവർക്ക്. അനുരഞ്ജും അഭിനന്ദും. കുട്ടികൾ രണ്ടുപേരും അമ്പലമേട് ഫാക്ട് സ്കൂളിലായിരുന്നു പഠനം. സ്കൂളിനെ കുറിച്ച് പറയുമ്പോൾ അനുരഞ്ജ് വല്ലാതെ വാചാലനായി. ഫാക്ട് സ്കൂൾ ഒരു പ്രത്യേക ലോകമായിരുന്നു എന്നാണ് അനുരഞ്ജിന്റെ പക്ഷം. അവിടെ പഠിച്ചിരുന്ന ഓരോ വിദ്യാർത്ഥിയും അങ്ങേയറ്റം ഗൃഹാതുരതയോടെ ആയിരിക്കും ആ സ്കൂളിനെ ഓർമ്മിക്കുക എന്ന് അനുരഞ്ജിന് ഉറപ്പുണ്ട്. പ്ലസ് ടു ക്ലാസുകൾ അവിടെ ലഭ്യമല്ലാതിരുന്നതുകൊണ്ട് മാത്രമാണ് അനുരഞ്ജിന് തൃപ്പൂണിത്തുറ എൻഎസ്എസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ, പ്ലസ് ടു പഠിക്കേണ്ടി വന്നത്.

സ്കൂൾ കാലഘട്ടത്തിൽ നാടകം ആയിരുന്നു അനുരഞ്ജിന് ഇഷ്ടപ്പെട്ട കലാരംഗം. പഠിച്ച സ്കൂൾ നാടകം, ടാബ്ലോ, ഉപന്യാസം... തുടങ്ങി വളരെ ചുരുങ്ങിയ കലകൾക്കേ സ്ഥാനം നൽകിയിരുന്നുള്ളൂ. ടാബ്ലോ മത്സരത്തിൽ സ്കൂളിലും സബ്ജില്ലാതലത്തിലും സമ്മാനവും എ ഗ്രേഡും നേടിയിട്ടുമുണ്ട്. പിന്നെ താല്പര്യം കൈയ്യെഴുത്തു മാസികകളോടായിരുന്നു. സ്കൂളിൽ നിന്നു പുറത്തിറങ്ങിയ പല കയ്യെഴുത്തു മാസികകളുടെയും എഡിറ്ററായി പ്രവർത്തിക്കാൻ കഴിഞ്ഞത് വലിയൊരു ഭാഗ്യമായാണ് അനുരഞ്ജ് കരുതുന്നത്.

സ്കൂൾ കാലഘട്ടം കഴിഞ്ഞപ്പോൾ സാധാരണ ഡിഗ്രി വിദ്യാഭ്യാസം അല്ലാതെ മറ്റെന്തെങ്കിലും പഠിക്കണമെന്ന മോഹമായിരുന്നു അനുരഞ്ജിന് ഉള്ളിൽ. മൾട്ടി മീഡിയ, ആനിമേഷൻ അങ്ങനെ പലതും മനസ്സിൽ ഉണ്ടായിരുന്നെങ്കിലും അതിനൊക്കെയുള്ള കോഴ്സുകൾ ആറുമാസത്തെയും ഒരു വർഷത്തെയും ഒക്കെ മാത്രമുള്ളതാണെന്ന

ബോധ്യം പിന്നോട്ട് വലിക്കുന്ന കാലഘട്ടത്തിലാണ് കോയമ്പത്തൂർ ഹിന്ദുസ്ഥാൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ഒരു ഡിഗ്രി കോഴ്സിനെ കുറിച്ച് കേൾക്കുന്നതും വിശദമായ അന്വേഷണങ്ങൾ നടത്തുന്നതും. അങ്ങനെ അനുരഞ്ജ് ആ കോളേജിലെ വിഷ്വൽ കമ്മ്യൂണിക്കേഷൻ ബിരുദ വിദ്യാർത്ഥിയായി.
തുടർന്ന് എംബിഎ കരസ്ഥമാക്കുന്നതിന് വേണ്ടി കുസാറ്റിൽ ചേർന്ന് പഠനം തുടർന്നു.

പ്ലസ് ടു പഠനകാലത്താണ് അനുരഞ്ജിത്തിന് നൃത്തത്തോട് കൂടുതൽ താല്പര്യം തോന്നി തുടങ്ങുന്നത്. ഡിഗ്രിക്ക് പഠിക്കുന്ന കാലത്ത് പഠനവിഷയവുമായി ബന്ധപ്പെട്ട് ചില പരസ്യ ചിത്രങ്ങളും ഡോക്യുമെന്ററികളും ഒക്കെ ചെയ്യാൻ അനുരഞ്ജിന് അവസരം ലഭിച്ചു.

എംബിഎയ്ക്ക് പഠിക്കുന്ന കാലത്താ ണ് ആദ്യമായി വളരെയധികം പ്ലാൻ ചെയ്ത് ഒരു ഡാൻസ് പെർഫോമൻസ് നടത്താൻ ശ്രമിക്കുന്നത്. അതിനെക്കുറിച്ച് നല്ല ഓർമ്മകളാണ് അനുരഞ്ജിന് ഉള്ളത്.നന്നായി തയാറെടുപ്പുകൾ നടത്തി അവതരിപ്പിച്ച ആ നൃത്ത പരിപാടിക്ക് യൂണിവേഴ്സിറ്റിയിൽ മൂന്നാം സമ്മാനം ലഭിച്ചു എന്നത് ഇന്നും മനസ്സിലെ സുഖമുള്ള ഒരു ഓർമ്മയാണ്.

2010ൽ എം ബി എ കരസ്ഥമാക്കിയ അനുരഞ്ജ് പിന്നീടുള്ള വർഷങ്ങൾ കോച്ചിംഗ് ക്ലാസുകളിലും മറ്റും പങ്കെടുത്ത് ഒരു ജോലി നേടാനുള്ള ശ്രമത്തിലായിരുന്നു.പരിശീലനത്തിന്റെ ആദ്യകാലത്ത് തന്നെ ഫെഡറൽ ബാങ്കിലേക്ക് ഇന്റർവ്യൂവിന് അവസരം ലഭിച്ചുവെങ്കിലും അത് നേടാൻ കഴിയാത്തത് കൊണ്ട് തന്റെ ശ്രമം വീണ്ടും തുടരാൻ ആയിരുന്നു അനുരഞ്ജിന്റെ തീരുമാനം. അങ്ങനെയാണ് 2012ലെ തെരഞ്ഞെടുപ്പ് പരീക്ഷയിലൂടെ അനുരഞ്ജ് ബാങ്ക് ജീവനക്കാരൻ ആകുന്നത്.

2013ൽ തൃപ്രയാറിനടുത്ത് പഴുവിൽ ശാഖയിൽ നിന്നാണ് അനുരഞ്ജിന്റെ ബാങ്ക് ജീവിതം ആരംഭിക്കുന്നത്. ഒരു വർഷത്തിനുശേഷം എറണാകുളം റീട്ടയിൽ അസറ്റ് ഹബ്ബിലേക്ക് സ്ഥലംമാറ്റം ലഭിച്ചു. മൂന്നു വർഷത്തിനുശേഷം തൃപ്പൂണിത്തുറ ശാഖയിൽ എത്തിയ അനുരഞ്ജ് ഒരു വർഷത്തിനുശേഷം പ്രമോഷൻ നേടി പാലക്കാട് പുതുശ്ശേരി ശാഖയിലെത്തി.
അവിടെനിന്നും എറണാകുളം സെൻട്രൽ പ്രോസസിംഗ് ഹബ്ബിലേക്കും പിന്നീട് 2025ൽ ഇപ്പോൾ ജോലി ചെയ്യുന്ന തിരുവനന്തപുരത്തേ ക്കും സ്ഥലംമാറ്റം ലഭിച്ചു.

പാലക്കാട് ജോലി ചെയ്യുന്ന കാലത്ത് അവിടത്തെ ബാങ്ക് ജീവനക്കാരുടെ കലാസാംസ്കാരിക സംഘടനയായ തരംഗത്തിന്റെ പല പരിപാടികളിലും നൃത്ത പരിപാടികൾ അവതരിപ്പിക്കാൻ അനുരഞ്ജിന് അവസരം ലഭിച്ചിട്ടുണ്ട്. അതുപോലെതന്നെ എറണാകുളത്ത് ജോലി ചെയ്യുന്ന

കാലഘട്ടത്തിലും യൂണിയനുമായി ബന്ധപ്പെട്ടുള്ള പല പരിപാടികളിലും നൃത്തം അവതരിപ്പിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. സ്റ്റേജ് പരിപാടികളെക്കാൾ കൂടുതൽ ഇവന്റുകളിൽ പരിപാടികൾ അവതരിപ്പിക്കാനാണ് തനിക്ക് അവസരം ലഭിച്ചിട്ടുള്ളത് എന്നാണ് അനുരഞ്ജ് ഓർത്തെടുക്കുന്നത്.

തന്റെ ഡാൻസുമായി ബന്ധപ്പെട്ട പങ്കാളിത്തത്തെ കുറിച്ച് പറയുമ്പോൾ വളരെ വിചിത്രമായ ഒരു കഥയാണ് അനുരഞ്ജിന് പറയാനുള്ളത്. പലപ്പോഴും പരിപാടികളിൽ പങ്കെടുക്കണമെന്ന് തോന്നിയാൽ പോലും അതിന് ഒരു നേതൃത്വം ഏറ്റെടുക്കാൻ അനുരഞ്ജിന് മടിയാണ്. എന്നാൽ എപ്പോഴെങ്കിലും ആ മടി മാറ്റിവെച്ച് ഒരു പരിപാടിക്കുള്ള തയ്യാറെടുപ്പ് തുടങ്ങിയാൽ അത് മറ്റെന്തെങ്കിലും സാങ്കേതികമായ തടസ്സങ്ങളിൽ കുരുങ്ങി നടക്കാതെ പോവുകയും അത് ഒരു വിഷമമായി മനസ്സിനെ നൊമ്പരപ്പെടുത്തുകയും ചെയ്യും. അങ്ങനെ നിരവധി അവസരങ്ങൾ നഷ്ടപ്പെട്ടതിനെ കുറിച്ച് വിഷമത്തോടെയാണ് അനുരഞ്ജ് മനസ്സ് തുറന്നത്. എന്നാൽ പിന്മാറാൻ അനുവദിക്കാത്ത മനസ്സിന്റെ ഉള്ളിലെ ആഗ്രഹങ്ങൾ അനുരഞ്ജിനെ വീണ്ടും ശക്തമായി മുന്നോട്ട് നയിക്കും.

ആദ്യകാലം മുതൽ ടാലന്റഡ് ബാങ്കേഴ്സിൽ അംഗമായിരുന്ന അനുരഞ്ജിന് അതുകൊണ്ടുതന്നെ പലപ്പോഴും ഒരു മീറ്റിൽ പങ്കെടുക്കാനോ പരിപാടി അവതരിപ്പിക്കാനോ കഴിഞ്ഞിരുന്നില്ല.കുട്ടിക്കാലം മുതൽ തനിക്ക് ഏറെ പ്രോത്സാഹനം നൽകിയിരുന്ന തന്റെ കസിനായ ചിത്ര യാണ് 2024ലെ കോട്ടയം മീറ്റിന് പങ്കെടുക്കാൻ അനുരഞ്ജിനെ നിർബന്ധിച്ചത്. ഒരു സോളോ പരിപാടിക്ക് പങ്കെടുക്കണമെന്ന് ആഗ്രഹം മനസ്സിൽ കൊണ്ട് നടന്നെങ്കിലും അന്വേഷിക്കുമ്പോഴേക്കും രജിസ്ട്രേഷൻ എല്ലാം പൂർണമായി കഴിഞ്ഞിരുന്നു.

അങ്ങനെ വിഷമിച്ചിരിക്കുമ്പോഴാണ് 'ഇ ഞ പൊ' എന്ന പരിപാടിയെക്കുറിച്ച് അറിയുന്നത്. അതിൽ കൂടി ടിബിയിലേക്ക് കടന്നു വരാം എന്ന് വിചാരിക്കുമ്പോഴേക്കും അവിടെയും രജിസ്ട്രേഷൻ ഏതാണ്ട് അവസാനിച്ച മട്ടായി. നിരാശനായിരിക്കുമ്പോഴാണ് അനുരഞ്ജിനെ തേടി മമിതയുടെ വിളി എത്തുന്നത്. ഇ ഞ പൊ യുടെ ഒരു പ്രത്യേക ഡാൻസ് സെഷനിൽ ഇടയ്ക്ക് സിജു, റോബിൻസ് അനുരഞ്ജ് ഇവരെ മൂന്നു പേരെയും ചേർത്ത് ആ നൃത്ത പരിപാടി ഉടച്ചു വാർത്ത മമിതയുടെ കഴിവിനെ കുറിച്ച് പറയുമ്പോൾ അനുരഞ്ജ് ഏറെ വാചാലനായി.

അതിൽ നൃത്ത സംവിധാനം നിർവഹിച്ച അനീഷിനെക്കുറിച്ചും അനുരഞ്ജിന് ഏറെ പറയാനുണ്ട്. ഓരോരുത്തരുടെയും കഴിവുകൾക്ക് അനുസരിച്ചുള്ള സ്റ്റെപ്പുകൾ പരിശീലിപ്പിക്കാൻ അനീഷ് ഏറെ ശ്രദ്ധിച്ചിരുന്നു എന്നാണ് അനുരഞ്ജിന്റെ വിലയിരുത്തൽ.

ദിവസങ്ങൾ കടന്നുപോകെ അനീഷിനെ സഹായിക്കാൻ കഴിയുന്ന തരത്തിലേക്ക് തനിക്ക് ഉയരാൻ കഴിഞ്ഞു എന്ന് പറയുമ്പോൾ അനുരഞ്ജിന്റെ വാക്കുകളിൽ അഭിമാനവും ആഹ്ലാദവും തിരതല്ലി.ഏറെ വിഷമത്തോടെയാണ് ഇതിലേക്ക് കടന്നതെങ്കിലും ഒടുവിൽ മികച്ച പ്രകടനത്തിലൂടെ മീറ്റിൽ പങ്കെടുത്തവരുടെ ശ്രദ്ധ നേടാൻ കഴിഞ്ഞു എന്നതാണ് അനുരഞ്ജിന് കിട്ടിയ ഏറ്റവും വലിയ ഭാഗ്യവും നേട്ടവും.

അനുരഞ്ജിനെ ഏറെ ശ്രദ്ധേയനാക്കിയത് എറണാകുളം ചാപ്റ്റർ മീറ്റിൽ ചിത്രയുമായി ചേർന്ന് നടത്തിയ ഒരു നൃത്ത പരിപാടിയാണ്. ആ പരിപാടിയും അതിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും വല്ലാത്തൊരൂർജ്ജമാണ് അനുരഞ്ജിന് നൽകിയത്. ടിബിയുമായി കൂടുതൽ ഇഴുകി ചേരാൻ അത് പ്രചോദനമായി. 2025ൽ തിരുവനന്തപുരം മീറ്റിലേക്ക് വരുമ്പോൾ ഒറ്റയ്ക്കും ചിത്രയുമായി ചേർന്നും ശ്രദ്ധേയമായ നൃത്തങ്ങൾ അവതരിപ്പിക്കാൻ കഴിഞ്ഞു. ടിബിയുടെ എടുത്തു പറയാവുന്ന നർത്തകരിൽ ഒരാളായി പ്രേക്ഷക മനസ്സിൽ ഇടം നേടാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് അനുരഞ്ജിന്റെ സ്ഥിരപ്രയത്നത്തിനും ആത്മാർത്ഥതക്കും ലഭിച്ച അംഗീകാരമാണ്.

വരും നാളുകളിൽ ടിബിയുടെയും അല്ലാതെയും ഉള്ള നൃത്ത പരിപാടികളിൽ ഏറെ സജീവമാകുക, നൃത്തത്തോടൊപ്പം തന്റെ ഇഷ്ടപ്പെട്ട അഭിനയം, ഷോർട്ട് ഫിലിം, എഴുത്ത് എന്നീ മേഖലകളിലും സജീവമാകുക എന്നതാണ് അനുരഞ്ജിന്റെ സ്വപ്നം.

അനുരഞ്ജിന്റെ സഹോദരൻ അഭിനന്ദ് ഫെഡറൽ ബാങ്ക് എറണാകുളം സോണൽ ഓഫീസിൽ സീനിയർ മാനേജർ ആണ്. എറണാകുളം കലൂരിലെ ഗ്ലോബൽ എജുക്കേഷൻ കൺസൾട്ടൻസിയി ലെ കൺസൾട്ടന്റ് വിനീതയാണ് അനുരഞ്ജിന്റെ ജീവിതസഖി. നല്ലൊരു നർത്തകി കൂടിയായ വിനീത തന്റെ നൃത്തസപര്യയിൽ ഒരു വഴികാട്ടി കൂടിയാണ് എന്ന് അനുരഞ്ജ് അഭിമാനത്തോടെ പറയുന്നു. ഇരട്ടകളായ മക്കൾ അനവദ്യ,അദ്വിക എന്നിവർ തൃപ്പൂണിത്തുറ ചിന്മയ വിദ്യാലയത്തിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥിനികൾ ആണ്.

നൃത്തത്തിലും മറ്റ് കലാരംഗങ്ങളിലും ഏറെ ഉയരങ്ങളിൽ എത്താൻ ആഗ്രഹിക്കുന്ന അനുരഞ്ജിന്റെ ബാങ്ക് ജീവിതവും കലാജീവിതവും കുടുംബജീവിതവും കൂടുതൽ സന്തോഷപ്രദമാകട്ടെ എന്ന് ടിബി കുടുംബം ആശംസിക്കുന്നു.

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------

Waves of the very first Ernakulam chapter meet echoed and re-echoed stirring the depths of the soul on beholding the awe-inspiring debut performances of new talents at the meet which concluded recently at Ernakulam. The elegant dance moves of an artist who performed alongside Chithra resonated profoundly getting etched in the heart of the onlookers insofar as leaving deep imprints in the soul . We acquaint you with that prodigiously talented persona this week.

Anuranj M. R
Canara Bank
Mukkolakkal branch
Trivandrum.

Anuranj was born to Mr. Rajan, a native of Kuttiyadi in Kozhikode, who later relocated to Thrippunithura on his appointment at FACT and Mrs Meera Bhai who worked with the same organization.Anuranj and his brother Abhinand had their education at FACT School in Ambalamedu.Both of them fondly cherish the memories of their schooling.

Anuranj moved to NSS Higher Secondary School, to pursue his Higher Secondary education.where his artistic proclivities found new ground.

Drama was his first love at school where chances were slim to participate in drama, tableau and essay writing competitions. He served as editor of several handwritten school magazines while he discovered the depths of his creative expressions.

After school, Anuranj yearned for more than a standard degree. Multimedia and animation courses appealed to him , but he backed out since they were short term courses. His search led him to Hindustan College of Arts and Science, Coimbatore, where he studied Visual Communication. Later, he pursued an MBA at CUSAT.

It was during his Plus Two years that he developed a fervent passion for dance . His degree course opened new avenues to ad films and documentaries.

It was when pursuing MBA that he staged his first major dance performance and he was rewarded with third place at the University level.

He completed MBA in 2010 after which he started preparing for competitive exams. Though he could not make it through the interview conducted by Federal Bank, his tenacity eventually led him to start his banking journey in 2012 at Pazhuvil branch near Thrippayaar.

Later he got transferred to the Ernakulam Retail Asset Hub, Thrippunithura and Puthussery branches and from there to Central Processing Hub at Ernakulam, and finally, in 2025, to Thiruvananthapuram.

At Palakkad he performed with Tharangam, the bank employees' cultural association. While at Ernakulam, he performed at various programs organized by the Union.

Anuranj admits to an unusual pattern that he would often hesitate to take the lead, and when he does so, unforeseen hurdles would shatter his plans. Yet his determination refused to let those setbacks stop him.

In 2024, encouraged by his cousin Chithra, he made up his mind to stage a solo performance at the Kottayam meet, however learnt that the registration was closed by then. Undeterred, he joined the "Ee Nja Po" program at the last minute,performing with Siju and Robbins under the choreography of Aneesh. That performance turned out to be a watershed moment in his life.

The dance he performed with Chithra at the Ernakulam Chapter meet popularized him . By the time he participated in Trivandrum meet in 2025, he was delivering both solo and duet performances, and was recognized as one of TB's best dancers; a testament to his hard work and sincerity.

Anuranj dreams of expanding his creative horizons other than dance , in acting, short films, and writing.
His brother Abhinand is a Senior Manager at the Zonal Office of Federal Bank.

Vineetha, the better half of Anuranj is a consultant at Global Education Consultancy in Ernakulam and a skilled dancer, and is a guide in his artistic journey. Their twin daughters, Anavadya and Adhvika are in third grade.

The TB family hopes that Anuranj's banking career, artistic pursuits continue to thrive and that he reaches even greater heights in the worlds of dance and other domains which he is passionate about.